File No.FWLD-D2/262/2018-FWLD

പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4095 — 25.06.2018-ൽ മറുപടിയ്ക്ക്.

## വന്യമൃഗ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വേനൽക്കാലത്ത് വന്യജീവികൾ കുടിവെള്ളവും ഭക്ഷണവും തേടി നാട്ടിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്നപോലെ ഈ വർഷവും സ്വീകരിച്ചു. കേരളത്തിലെ വനമേഖലകളിലാകെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 67 ചതുപ്പ് പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വനത്തിനുള്ളിലെ വനവല്ക്കരണത്തിന് പുല്ല്, ഈറ്റ എന്നിവ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി മരണപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | മരണമടഞ്ഞവർ (എണ്ണം) | |
|---|---|---|
| | വന്യജീവി ആക്രമണം | പാമ്പുകടി |
| തിരുവനന്തപുരം | 5 | 9 |
| കൊല്ലം | 1 | 11 |
| പത്തനംതിട്ട | 1 | 29 |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 0 | 9 |
| ഇടുക്കി | 1 | 2 |
| എറണാകുളം | 13 | 8 |

| | | |
|---|---|---|
| തൃശ്ശൂർ | 1 | 28 |
| പാലക്കാട് | 15 | 51 |
| മലപ്പുറം | 5 | 17 |
| കോഴിക്കോട് | 0 | 3 |
| വയനാട് | 14 | 2 |
| കണ്ണൂർ | 4 | 15 |
| കാസർഗോഡ് | 0 | 3 |
| ആകെ | 60 | 187 |

സെക്ഷൻ ഓഫീസർ